# ചെറിയനാട് ഗ്രാമപഞ്ചായത്ത്

**ചെറിയനാട്.പി.ഒ , ആലപ്പുഴ ജില്ല, പിൻ–689511, ഫോൺ:0479-2360149**
**ഇ–മെയിൽ:cheriyanadgp@gmail.com**

---

സി2– 2020/17 തീയതി: 31.07.2017

## <u>വിജ്ഞാപനം</u>

സംസ്ഥാനത്തെ എല്ലാ ഭവന രഹിതർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സൗകര്യം ഒരുക്കുന്നിനായുള്ള സംസ്ഥാന സർക്കാറിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷൻ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വേ പ്രകാരമുള്ള ഭൂമിയുള്ള ഭവന രഹിതരുടെയും ഭൂരഹിത ഭവന രഹിതരുടെയും കരട് ഗുണഭോക്തൃ പട്ടിക ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു.

ഗുണഭോക്താവിനെ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫോറത്തിൽ **<u>2017 ആഗസ്റ്റ് മാസം 10ാം തിയതി</u>** വരെ ഗ്രാമപഞ്ചാത്ത് ഓഫീസിൽ സമർപ്പിക്കാവുന്നതാണ്. അതിന് ശേഷം ലഭിക്കുന്ന അപ്പീലുകൾ ഗ്രാമപഞ്ചായത്തിൽ സ്വീകരിക്കുന്നതല്ല.

ബന്ധപ്പെട്ട കുടുംബത്തിന്റെ കുടുംബ നാഥൻ / നാഥയ്ക്കും, പ്രായപൂർത്തിയായ കുടുംബാംഗങ്ങൾക്കും സന്നദ്ധ സംഘടനകൾക്കും സേവന സന്നദ്ധരായ വ്യക്തികൾക്കും **<u>(1) അർഹതയുണ്ടായിട്ടും ലിസ്റ്റിൽ ഉൾപ്പെടാത്ത കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതിനോ (2) അനർഹരായ കുടുംബങ്ങളെ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതിനോ (3) അർഹതയുള്ള ഗുണഭോക്താക്കളുടെ വിവരങ്ങളിൻമേൽ തെറ്റ് തിരുത്തുന്നതിനോ</u>** അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

ഇപ്രകാരം അപ്പീൽ സമർപ്പിക്കുമ്പോൾ അപ്പീൽ സംബന്ധിച്ച അർഹത തെളിയിക്കേണ്ടത് അപ്പീൽ നൽകുന്നവരുടെ ഉത്തരവാദിത്ത്വമായിരിക്കുന്നതാണ്. അപ്പീൽ അപേക്ഷകളിൻമേൽ തീരുമാനം കൈക്കൊണ്ട് **ആഗസ്റ്റ് 20–ാം തിയതി** ഗുണഭോക്താക്കളുടെ പട്ടിക പുന പ്രസിദ്ധീകരിക്കുന്നതുമാണ്.

**(ഒപ്പ്)**
**സെക്രട്ടറി**
**ചെറിയനാട്**
**ഗ്രാമപഞ്ചായത്ത്**

**പകർപ്പ്:**പഞ്ചായത്ത് ഓഫീസ് നോട്ടീസ് ബോർഡ്

പഞ്ചായത്ത് വെബ്സൈറ്റ്

ജില്ലാ പഞ്ചായത്ത് ഓഫീസ്,ആലപ്പുഴ

കുടുംബശ്രീ / ഐ.സി.ഡി.എസ് ഓഫീസ്

കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസ്

സിവിൽ സ്റ്റേഷൻ , ആലപ്പുഴ

അംഗൻവാടികൾ

വില്ലേജ് ഓഫീസ്

കെ.എസ്.ഇ.ബി

ആരോഗ്യ കേന്ദ്രങ്ങൾ

ബ്ലോക്ക് പഞ്ചായത്ത് ചെങ്ങന്നൂർ

താലൂക്ക് ഓഫീസ് ചെങ്ങന്നൂർ

കെ.എസ്.ഇ.ബി,കൊച്ചാലുമൂട്

റേഷൻകടകൾ